# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

Draft #3 of File 8217/ADB1 SO/2021/AD B 1 Approved by ASSISTANT REGISTRAR II (ADMIN) on 16-Feb-2021 05:02 PM - Page 1

8217/ADB1 SO/2021/എ ഡി ബി 1 16.02.2021

## ക്വട്ടേഷൻ നോട്ടീസ്

ഉന്നത ഗുണമേന്മയുള്ളതും, ഒരുസമയം മൂന്ന് സാനിറ്ററി നാപ്കിനുകൾ വരെ സംസ്കരിക്കാൻ ശേഷിയുള്ളതും , പരമാവധി 400 watts ശക്തിയുള്ളതുമായ 3 (മൂന്നെണ്ണം) wall mountable സാനിറ്ററി നാപ്കിൻ ഡിസ്പെൻസറുകൾ വിതരണം ചെയ്ത് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിന് ടി മേഖലയിൽ പ്രവർത്തി പരിചയമുള്ള സ്ഥാപനങ്ങളിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. താത്പര്യമുള്ള സ്ഥാപനങ്ങൾ തങ്ങളുടെ ക്വട്ടേഷനുകൾ അടച്ച കവറിൽ **രജിസ്ട്രാർ , മഹാത്മാഗാന്ധി സർവകലാശാല ,കോട്ടയം** -686 560 എന്ന വിലാസത്തിൽ 22.02.2021, 03.00 PM നകം ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്. ക്വട്ടേഷൻ തുറക്കുന്ന തീയതി ,സമയം 22.02.2021, 03.30 PM. അവസാന തീയതിക്കും, സമയത്തിനും ശേഷം ലഭിക്കുന്ന ക്വോട്ടേഷനുകൾ ഒരു കാരണവശാലും പാരിഗണിക്കുന്നതല്ല.

ക്വട്ടേഷനുകൾ തുറക്കാൻ നിശ്ചയിച്ചിട്ടുള്ള ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 03.30 PM -**ന്** തുറക്കുന്നതാണ്.

**പ്രത്യേക നിബന്ധനകൾ**

1. വിതരണം ചെയ്യുന്ന യന്ത്രത്തിന്റെ വ്യാപാരനാമം, നിർമ്മിച്ച കമ്പനി, രാജ്യം എന്നിവ ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
2. എല്ലാവിധനികുതികളും, പാക്കിങ്, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റാലേഷൻ ചാർ ജുകൾ മുതലായവ ഉൾപ്പെടെയുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത്.
3. വാറന്റി സംബന്ധമായ വിവരങ്ങൾ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.
4. സപ്ലൈ ഓർഡർ തീയതി മുതൽ രണ്ടാഴ്ചക്കുള്ളിൽ യന്ത്രങ്ങൾ ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്.
5. ക്വട്ടേഷൻ പ്രകാരമുള്ള യന്ത്രം സ്ഥാപിച്ചതിനു ശേഷം സർവകലാശാല എഞ്ചിനീയർ ആയതിന്റെ പ്രവർത്തന മേന്മ, ഇൻസ്റ്റാലേഷൻ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്. ആയതു തൃപ്തികരമെന്നുള്ള സർവകലാശാല എൻജിനീയറുടെ സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷമായിരിക്കും തുക അനുവദിക്കുക.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)